LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സഹായമായി ജൈവ കൃഷി പ്രോത്സാഹനത്തിന് 849.38 ലക്ഷം രൂപയുടെ പദ്ധതി 2015-16 വർഷം അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) 119 ക്ലസ്റ്ററുകൾ മുഖേന ജൈവകൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്നു. ഇതിനുള്ള ധനസഹായമായി 424.69 ലക്ഷം രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം വഴി ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾക്ക് ഉല്പാദന ബോണസ് നല്കുന്നതിനായി 100 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും വേണ്ടി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായി 2500 ഹെക്ടർ നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 100 ലക്ഷംരൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷംരൂപ ജൈവ സർട്ടിഫിക്കേഷനും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മാഞ്ഞാലിത്തോട് പുനരുദ്ധാരണ പ്രവൃത്തികൾ

184 (1656) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ നായത്തോട് ഇറ മുതൽ മുന്നുതോട് വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) പ്രസ്തുത പദ്ധതി സെക്കറൽ അലോക്കേഷൻ സീലിംഗ് ലിമിറ്റ് കാരണം നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. ആയത് നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കാൻ കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.